ആ ആളുകളെ റഫലറൈസ് ചെയ്ത് അവർക്ക് അപ്പോയിന്റ്മെന്റ് നൽകുന്നതുവരെ വേറെ ആരെയും നിയമിക്കാൻ പാടില്ലെന്നും ആ തസ്തികകൾ വേക്കന്റായി ഇടണമെന്നും ആ വിധിയിൽ പറഞ്ഞിട്ടുണ്ട്. ആ ഒരു തടസ്സമുണ്ട്. എന്നാലും ഒഴിവുള്ള സ്ഥലങ്ങളിൽ നിയമിച്ചുകൊണ്ടിരിക്കുകയാണ്. പത്തനംതിട്ട ജില്ലയോട് പ്രത്യേകമായ ഒരവഗണനയും ഉണ്ടായിട്ടില്ല. അവിടെ വേക്കൻസി ഇല്ലാത്തതുകൊണ്ടാണെന്നറിയിക്കുന്നു. എന്നാലും, ഈ 11 പേരെയും എങ്ങനെ നിയമിക്കാൻ കഴിയുമെന്ന് പരിശോധിച്ച് പരമാവധി നടപടികൾ കൈകൊള്ളുന്നതാണ്.

12. വനാവകാശ നിയമം

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നമ്മുടെ വനാവകാശ നിയമത്തിന്റെ കാതൽ സാമൂഹ്യ വനാവകാശം നൽകുകയെന്നതാണ്. ആ സങ്കൽപ്പത്തെ അട്ടിമറിച്ചുകൊണ്ട് വ്യക്തിഗത അവകാശം നൽകുന്നതിനുള്ള നടപടികളുമായാണ് ഇപ്പോൾ സർക്കാർ മുമ്പോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ഡിസംബർ മാസത്തിനകം ഈ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള പ്രവൃത്തികൾ പൂർത്തീകരിക്കണമെന്നാണ് കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്നത്. ഈ സമയമായിട്ടും ഇതു സംബന്ധിച്ച് ജില്ലാ-പ്രാദേശിക തലത്തിൽ രൂപീകരിക്കേണ്ട സമിതികളുടെ രൂപീകരണം പൂർത്തിയായിട്ടില്ല. അത് പൂർത്തിയായാൽ മാത്രമെ ആദിവാസികൾക്ക് യഥോചിതം അപേക്ഷകൾ നൽകാനും ആ അപേക്ഷകളിന്മേൽ ഉപജില്ലാ സമിതികൾക്ക് അവരുടെ ശിപാർശകൾ മേൽത്തട്ടിലേക്ക് അയയ്ക്കാനും കഴിയുകയുള്ളൂ. ഡിസംബർ മാസം തീരാൻ പോകുകയാണ്. ആദിവാസികൾക്ക് വനഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി ഒരു വലിയ ലക്ഷ്യത്തോടുകൂടി പാസ്സാക്കിയ നിയമം പ്രാവർത്തികമാക്കാതെ അട്ടിമറിക്കപ്പെടുന്നതുമൂലം ആദിവാസികളോടുള്ള ഒരു കടുത്ത വിവേചനമാണ് നാം കാണിക്കുന്നത്. അതവസാനിപ്പിച്ച് നിയമം അനുശാസിക്കുന്ന വിധത്തിലുള്ള പരിപാടികൾ നടപ്പിലാക്കാൻ സർക്കാർ ജാഗ്രത കാണിക്കണമെന്നാണ് ഈ സബ്മിഷിനിലൂടെ ഞാനഭ്യർത്ഥിക്കുന്നത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 1-1-2008 മുതൽ ഈ നിയമം നടപ്പാക്കേണ്ടതാണ്. പക്ഷെ ആ കാലഘട്ടത്തിൽ ഇത് കൃത്യമായി നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല. ഊരുകൂട്ടങ്ങളടങ്ങുന്ന വനാവകാശ കമ്മിറ്റി, സബ് ഡിവിഷൻ കമ്മിറ്റി, ജില്ലാതല കമ്മിറ്റി എന്നീ സമിതികളാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ ഇക്കാര്യങ്ങൾ നോക്കുന്നത്. ജില്ലാതല കമ്മിറ്റിയിൽ ജില്ലാ കളക്ടറാണ് ചെയർമാൻ. ജില്ലാ കളക്ടർ അദ്ധ്യക്ഷനായ കമ്മിറ്റിയാണ് ടൈറ്റിൽ കൊടുക്കാനുള്ള അർഹതപ്പെട്ടവരെ സെലക്ട് ചെയ്യുന്നത്. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനായി മറ്റൊരു കമ്മിറ്റിയുമുണ്ട്. ഇപ്പോൾ സമയത്തിന്റെ ചുരുക്കംകൊണ്ട് ഞാനതിന്റെ യഥാർത്ഥത്തിലുള്ള പൊസിഷൻ മാത്രം പറയാം. ഇവിടെ ജില്ലാതല കമ്മിറ്റി അംഗീകരിച്ച 327 അപേക്ഷകളിൽ 146 എണ്ണത്തിന് ടൈറ്റിൽ നൽകിയിട്ടുണ്ട്. ഊരുകളിലെ വികസന ആവശ്യത്തിന് ഗ്രാമസഭ പാസ്സാക്കി വനം വകുപ്പിന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ 471 സാമൂഹ്യ അവകാശങ്ങളിലായി 213 ഏക്കർ വനഭൂമി അനുവദിച്ച് നൽകികഴിഞ്ഞിട്ടുണ്ട്. 2015 ഒക്ടോബർ വരെ വ്യക്തിഗത അവകാശത്തിന് ലഭിച്ച 35,206 അപേക്ഷകളിൽ ഗ്രാമസഭ പാസ്സാക്കിയിട്ടുള്ളത് 31,301 അപേക്ഷകളാണ്. അതിൽ 24,898 അപേക്ഷകൾക്ക് ഇതിനോടകം ടൈറ്റിൽ കൊടുത്തുകഴിഞ്ഞു. സബ്ഡിവിഷൻ കമ്മിറ്റികളും ജില്ലാതല കമ്മിറ്റികളും തള്ളിക്കളഞ്ഞ അപേക്ഷകൾ 3,934 ആണ്. ഇനി തീർപ്പുകൽപ്പിക്കാൻ അവശേഷിക്കുന്നത് 955 അപേക്ഷകളാണ്. 33,073 ഏക്കർ വനഭൂമിയാണ് ഇപ്രകാരം ടൈറ്റിൽ കൊടുത്തിട്ടുള്ളത്. അവശേഷിക്കുന്ന 955 അപേക്ഷകളിന്മേൽകൂടി വേഗത്തിൽ നടപടി എടുക്കാൻ ശ്രമിക്കുന്നതാണ്.

13. നിർമ്മാണ മേഖലയിലെ പ്രതിസന്ധി

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: സർ, കേരളത്തിലെ എല്ലാവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിരുന്നത് മണൽ ഉപയോഗിച്ചാണ്. സുലഭമായി നദികളിൽനിന്ന് ലഭിച്ചിരുന്ന മണൽ ഇന്ന് കിട്ടാക്കനിയായി മാറിയിരിക്കുന്നു. ഇതുമൂലം നിർമ്മാണ പ്രവർത്തനങ്ങളാകെ താറുമാറായിരിക്കുകയാണ്. മണൽ ലഭിക്കാൻ പ്രയാസമുള്ളതിനാൽ ഗുണഭോക്താക്കൾ എം-സാന്റ് ഉപയോഗിക്കാൻ തുടങ്ങിയെങ്കിലും കോടതി ഇടപെടൽമൂലം ക്വാറി നടത്താൻ കഴിയാത്ത സാഹചര്യത്തിൽ എം-സാന്റ് ലഭിക്കാനും ബുദ്ധിമുട്ടനുഭവിക്കുന്നു. ഒരു വീട് നിർമ്മിക്കുന്നതിന് സർക്കാർ സഹായമായി നൽകുന്നത് 2,00,000 രൂപയാണ്. ഇത്തരമൊരു വീട് നിർമ്മിക്കാൻ ചുരുങ്ങിയത് 500 കൂട്ട് മണലെങ്കിലും വേണം. ചുരുങ്ങിയത് 75,000 രൂപ പൂഴിക്ക് മാത്രമായി ഉപയോഗിക്കേണ്ടിവരുന്നു. ദേശീയ ഹരിത ട്രിബ്യൂണലിന്റെയും സുപ്രീംകോടതിയുടെയും വിധിപ്രകാരം മണൽ വാരൽ താൽക്കാലികമായി നിർത്തിവച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ